**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **06-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര സുഭിക്ഷ ഹോട്ടലുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് ഒരു സുഭിക്ഷ ഹോട്ടൽ എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുറിച്ചി പഞ്ചായത്ത് 17-)o വാർഡിൽ വിശപ്പ രഹിത കേരളം (സുഭിക്ഷ) പദ്ധതി പ്രകാരം ഹോട്ടൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ടി ഹോട്ടൽ പ്രവർത്തിച്ച വരുന്ന കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം നടത്താമെന്ന് കുറിച്ചി പഞ്ചായത്ത് സമ്മതിച്ചിരുന്നുവെങ്കിലും ആയതു നാളിതുവരെ നടത്തിയിട്ടില്ല. ടി കെട്ടിടത്തിൽ പാചകം ചെയ്യുന്നതിനുള്ള സൗകര്യമോ കുടിവെള്ള കണക്ഷനോ നിലവിൽ ഇല്ല. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതാണ്. |
| (ബി) | സുഭിക്ഷ ഹോട്ടലുകൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇവ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (ബി) | സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി പരമാവധി 10 ലക്ഷം രൂപ വരെ ഓരോ ഹോട്ടലിനും അനുവദിക്കുന്നതാണ്. 20/- രൂപ നിരക്കിൽ വിൽപ്പന നടത്തുന്ന ഉച്ചഭക്ഷണത്തിൽ ഒരു ഊണിന് 5/- രൂപ നിരക്കിൽ നടത്തുന്ന ഏജൻസിയ്ക്ക് പരിശോധനയ്ക്ക് വിധേയമായി സബ്സിഡിയും നൽകുന്നുണ്ട്. കൂടാതെ പൊതുവിതരണത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്നും പരമാവധി 600 കിലോ അരി കിലോഗ്രാമിന് 10.90/- രൂപ നിരക്കിൽ നൽകുന്നുണ്ട്. ഹോട്ടലിന്റെ തുടർ നടത്തിപ്പിനായി ഇലക്ട്രിസിറ്റി ചാർജ്, വെള്ളക്കരം, ആവശ്യമെങ്കിൽ കെട്ടിട വാടക, സബ്സിഡി തുക എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ